**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3377** — **14-07-2022 - ൽ മറുപടിയ്ക്ക്**

**നെൽ കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഒരേക്കറിൽ നെൽകൃഷി ഇറക്കുന്നതിനും വളമിടൽ, കളപറിക്കൽ, കൊയ്ത്ത് തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങൾക്കുമായി എത്ര രൂപ ചെലവ് വരുമെന്നാണ് സർക്കാർ കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | നെൽകൃഷിയുൾപ്പെടെ കേരളത്തിലെ എല്ലാ പ്രധാനപ്പെട്ട വിളകളുടെയും കൃഷിചെലവ് തിട്ടപ്പെടുത്തി പ്രസിദ്ധീകരിക്കുന്നത് സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പാണ്. പ്രസ്തുത വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളത് പ്രകാരം വിരിപ്പ് മുണ്ടകൻ പുഞ്ച സീസണുകളിൽ ഒരു ഏക്കറിലേക്കുള്ള കൃഷിചെലവ് **അനുബന്ധം** ആയി ചേർക്കുന്നു. |
| (ബി) | ഇക്കഴിഞ്ഞ വർഷമുണ്ടായ മഴയിലും വെള്ളപ്പൊക്കത്തിലും നെൽകൃഷി നശിച്ചവർക്ക് ഒരേക്കറിന് എത്ര രൂപ നിരക്കിലാണ് നഷ്ടപരിഹാരം വിതരണം ചെയ്തതെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തിര പരിപാടി പദ്ധതിയിൽ പ്രകൃതിക്ഷോഭം മൂലം നെൽകൃഷി നാശമുണ്ടായാൽ ഒരു ഏക്കറിന് 5400/- രൂപ നിരക്കിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നഷ്ടപരിഹാരം നൽകുന്നുണ്ട്. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിളനാശത്തിന് 45 ദിവസത്തിനകമുള്ള വിളകൾക്ക് ഒരു ഏക്കറിന് 6000/- രൂപ നിരക്കിലും, 45 ദിവസത്തിന് ശേഷമുള്ള വിളകൾക്ക് 14000/- രൂപ നിരക്കിലും നഷ്ടപരിഹാരം നൽകുന്നുണ്ട്. |
| (സി) | നെൽ കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുന്നതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (സി) | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്ന നെൽകർഷകർക്ക് പ്രകൃതി ക്ഷോഭം മൂലമോ, വന്യ ജീവി ആക്രമണം മൂലമോ, കീടരോഗ ബാധ മൂലമോ (കീടരോഗ ബാധ കൃഷി ഭവനിൽ അറിയിച്ച് വേണ്ട പ്രതിരോധ നടപടികൾ എടുത്തതിനു ശേഷവും നഷ്ടമുണ്ടായാൽ) 50%-ൽ കൂടുതൽ വിള നാശമുണ്ടായാൽ ആയതു പൂർണ നാശമായി കണക്കാക്കി വിള ഇൻഷ്വറൻസ് ആനുകൂല്യം നൽകുന്നു. |
| (ഡി) | പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം നെൽ കൃഷി നാശത്തിന് നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാര തുക | (ഡി) | പ്രകൃതി ക്ഷോഭം മൂലം നെൽകൃഷി നാശമുണ്ടായാൽ ഒരു ഹെക്ടറിന് 13500 രൂപ നഷ്ടപരിഹാരം നൽകുന്നുണ്ട്. കൂടാതെ ഇൻഷ്വർ ചെയ്ത |

| | | | |
|---|---|---|---|
| | എത്രയാണ്; പ്രസ്തുത തുക കൃഷി ചെലവിന് ആനുപാതികമാണെന്ന് കരുതുന്നുണ്ടോ; | | നെൽകൃഷിക്ക് നഷ്ടമുണ്ടാ യാൽ 45 ദിവത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് 15000 രൂപ നിരക്കിലും, 45 ദിവസത്തിന് ശേഷമുള്ള വിളകൾക്ക് 35000 രൂപ നിരക്കിലും കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നുണ്ട്. വിള ഇൻഷുറൻസ് പദ്ധതി കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | ഇല്ലായെങ്കിൽ പ്രസ്തുത മാനദണ്ഡങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനും നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഇ) | പ്രകൃതി ക്ഷോഭം മൂലം നെൽകൃഷി നാശമുണ്ടായാൽ ഒരു ഹെക്ടറിന് 13500 രൂപ നഷ്ടപരിഹാരം നൽകുന്നുണ്ട്. കൂടാതെ ഇൻഷ്വർ ചെയ്ത നെൽകൃഷിക്ക് നഷ്ടമുണ്ടാ യാൽ 45 ദിവത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് 15000 രൂപ നിരക്കിലും, 45 ദിവസത്തിന് ശേഷമുള്ള വിളകൾക്ക് 35000 രൂപ നിരക്കിലും കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നുണ്ട്. വിള ഇൻഷുറൻസ് പദ്ധതി കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## വിരിപ്പ് മുണ്ടകൻ പുഞ്ച സീസണുകളിൽ നെൽകൃഷി ചെയ്യുന്നതിന് ഒരു ഏക്കറിലേക്കുള്ള കൃഷിച്ചെലവ്

| ഇനം | വിരിപ്പ് | മുണ്ടകൻ | പുഞ്ച |
|---|---|---|---|
| | തുക രൂപയിൽ | | |
| തൊഴിലാളികൾക്കുള്ള ചെലവ് | 10985.21 | 12124 | 11223.57 |
| കാർഷിക യന്ത്രങ്ങൾക്കുള്ള കൂലി ചെലവ് | 3312.76 | 3393.70 | 2757.13 |
| വിത്ത്/ഞാറ് | 1168.73 | 1303.09 | 1555.61 |
| രാസവളം, കാലിവളം | 2941.66 | 3177.60 | 3532.10 |
| സസ്യ സംരക്ഷണം | 295.83 | 667.33 | 618.77 |